(ബി) സർവ്വകലാശാല എൻ.ആർ.ഐ. ക്വാട്ട ഏർപ്പെടുത്തിയിരുന്നു. എന്നാൽ 30-8-2014-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 185/2014/എ.ഡി പ്രകാരം എൻ.ആർ.ഐ. ക്വാട്ട ഏർപ്പെടുത്തിയ യൂണിവേഴ്സിറ്റി തീരുമാനം റദ്ദാക്കി കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ഇല്ല. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 17-10-2014 തീയതിയിലെ ഇടക്കാല ഉത്തരവ് പ്രകാരം എൻ.ആർ.ഐ. അഡ്മിഷൻ നടത്തുകയുണ്ടായി എന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

സർക്കാർ പ്രസ്സുകളുടെ ആധുനികവൽക്കരണം

317 (1760) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റിന് കീഴിലുള്ള പ്രസ്സുകൾ ആധുനികവൽക്കരിക്കുന്നതിനു തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ആധുനികവൽക്കരണ നടപടികൾ ഘട്ടം ഘട്ടമായി നടത്തി വരുന്നുണ്ട്.

(ബി) ഇതിന്റെ ഭാഗമായി സി.റ്റി.പി. വെബ് ഓഫ് സെറ്റ് മെഷീൻ എന്നിവ മണ്ണന്തല ഗവൺമെന്റ് പ്രസ്സ്, വാഴൂർ ഗവൺമെന്റ് പ്രസ്സ്, ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സ് എന്നിവിടങ്ങളിൽ സ്ഥാപിച്ചു കഴിഞ്ഞു. മണ്ണന്തല ഗവൺമെന്റ് പ്രസ്സിലെ പഴയ ഷീറ്റ്ഫെഡ് ഓഫ്സെറ്റ് മെഷീനുകൾ മാറ്റി ബൈ-ബാക്ക് രീതിയിൽ പുതിയ ഷീറ്റ്ഫെഡ് മെഷീനുകൾ വാങ്ങി സ്ഥാപിച്ചിട്ടുണ്ട്. എല്ലാ ഗവൺമെന്റ് പ്രസ്സുകളേയും കാലഹരണപ്പെട്ട ലെറ്റർ പ്രസ്സിൽ നിന്നും ഓഫ്സെറ്റ് അച്ചടി സംവിധാനത്തിലേക്ക് മാറ്റിയിട്ടുണ്ട്. പുതിയ ഡിജിറ്റൽ കളർ പ്രിന്റർ തിരുവനന്തപുരം, ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ സ്ഥാപിച്ചിട്ടുണ്ട്. അതോടൊപ്പം പ്രസ്സുകളുടെ പ്രവർത്തനം കാര്യക്ഷമവും സമയബന്ധിതവുമായി നടത്തുന്നതിനുള്ള Work Flow Automation സംവിധാനം സ്ഥാപിക്കുന്നതിനും പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly